(ബി) തെക്കിൻതോട്ടങ്ങളിൽനിന്നു മൂത്ത മരങ്ങൾ മുറിച്ചിട്ടില്ല. ക്ലിപ്പുകളിൽനിന്നു മുറിച്ചുവയുടെ എണ്ണം ആവക ലിസ്റ്റുകൾ ഓരോന്നും പരിശോധിച്ചു എടുക്കേണ്ടതിനാൽ കണക്കുതരുവാൻ ഇപ്പോൾ പ്രയാസമാണ്.

തൈക്കൾ മുറിക്കുന്നതിനു് എണ്ണം കണക്കുവക്കാറില്ല. പക്ഷെ താഴെ കാണിച്ചിരിക്കുന്ന തോട്ടങ്ങളിൽനിന്നും ഇട എടുത്തിട്ടുണ്ടു്.

രാമവർമ്മപ്ലാൻറേഷൻ	൪൩൦ ഏക്കർ
പെട്ടികാളം	൨൨൫ ,,
പാലപ്പിള്ളി	൧൪൪ ,,
അമ്മാടിക്കുന്നു	൨൦൦ തീത്തുമുറിച്ചു

(സി) തേക്കു തടികൾ, കഴകൾ, തൈക്കഴകൾ, വിറകുവെട്ടു്, കാലു് ഇവ വിറ്റഇനങ്ങളിൽനിന്നു ൨൨, ൪൦, ൨൫ ക. മുതൽ. വരവുണ്ടായിട്ടുണ്ടു്.

(ഡി) ൪൩൦ ഏക്കറയിൽ തൈക്കൾ ഇട എടുത്തിട്ടുണ്ടു്. ഇതിന്റെ എണ്ണം പറയുവാൻ സാദ്ധ്യമല്ല. കാരണം ഇതിൽ ഒരുഭാഗം ഉപയോഗശൂന്യമായി വെട്ടിയ സ്ഥലത്തുതന്നെ ഇട്ടുകളഞ്ഞതാണു്.

ILL-TREATMENT OF COLONY WARDENS

246. Mrs. Dakshayani Velayudhan *(Nominated)* : Will Government be pleased to state.—

whether it has received any complaint regarding the ill-treatment by the colony wardens on the occupants of the colony houses?

Mr. Parambi Lonappen *(Minister for Rural Development)* : No.

OLD WELLS—DEPRESSED CLASS COLONIES—REPAIRS TO

൨൪൭. മിസ്റ്റർ കെ. കെ. കണ്ണൻ :

ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നു താഴെ പറയുന്ന ചോദ്യങ്ങൾക്കു സദയം മറുപടി പറയുമോ.—

(എ) ൨൨൨൭, ൨൨൨൮, ൨൨൨൯, ൨൨൩൦, എന്നീ ഓരോ കൊല്ലവും അധഃകൃതഡിപ്പാർട്ടുമെണ്ടിൽനിന്നു എത്ര പഴയ കിണറുകൾ നന്നാക്കുവാനാണു് ഗവർമ്മെണ്ടിൽനിന്നു അനുവദിച്ചിട്ടുണ്ടായിരുന്നതു്;

(ബി) പ്രസ്തുത ഓരോ കൊല്ലവും എത്ര കിണറുകൾ എവിടെയെല്ലാമാണു് നന്നാക്കുവാൻ അധഃകൃതസംരക്ഷണവകുപ്പു് തീരുമാനിച്ചിരുന്നതു്;

(സി) മേൽപറഞ്ഞ കൊല്ലങ്ങളിൽ കിണറുകൾ നന്നാക്കുവാൻ നിശ്ചയിച്ചിരുന്നിട്ടു നന്നാക്കുവാൻ സാധിക്കാതിരുന്നിട്ടുള്ളതു് എവിടെയെല്ലാമാണെന്നും അതു ഏതേതു കൊല്ലങ്ങളിൽ എത്രവീതമാണെന്നും വ്യക്തമായി പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ :

(എ)

൨൨൨൯-ൽ ൨൫.
൨൨൨൰-ൽ ൫൩.
൨൨൨൱-ൽ ൭൨.
൨൨൩൦-ൽ ൨൫.

(ബി) & (സി) മേശപ്പുറത്തു വെച്ചിരിക്കുന്ന പട്ടിക നോക്കുക.

൨൪൰. മിസ്റ്റർ കെ. കെ. കണ്ണൻ :

ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നു താഴെ പറയുന്ന ചോദ്യങ്ങൾക്കു സദയം മറുപടി പറയുമോ.—

(എ) ൨൨൨൯, ൨൨൨൰, ൨൨൨൱, ൨൨൩൦ എന്നീ ഓരോ കൊല്ലത്തിലും കിണറുകൾ കഴിക്കുന്നതിനു അധഃകൃത ഡിപ്പാർട്ടുമെണ്ടിലേക്കു അനുവദിച്ചിരുന്ന സംഖ്യയെത്ര;

(ബി) ഓരോ കൊല്ലത്തിലും അധഃകൃതസംരക്ഷണവകുപ്പിൽ പ്രസ്തുത ആവശ്യത്തിനു നീക്കിവെച്ചിരിക്കുന്ന സംഖ്യകൊണ്ടു് എത്ര കിണറുകൾവീതം കഴിക്കുവാനാണു് അനുവദിച്ചിരുന്നതെന്നും, ഓരോ കൊല്ലവും എവിടെയെല്ലാമാണു് കിണറുകൾ കഴിക്കുവാൻ ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly